# കേരള സർവകലാശാല

നം. പി.ആർ.006/2017 ഫോൺ : 2305738

## സെനറ്റ് യോഗം ഫെബ്രുവരി 21, 22 തീയതികളിൽ

കേരള സർവകലാശാല സെനറ്റ് യോഗം ഫെബ്രുവരി 21, 22 തീയതികളിൽ രാവിലെ 8.30 മുതൽ പാളയം സെനറ്റ് ചേംബറിൽ നടത്തും. അംഗങ്ങൾ ചോദ്യങ്ങൾ ജനുവരി 21-നകവും പ്രമേയങ്ങൾ ജനുവരി 23-നകവും രജിസ്ട്രാർക്ക് സമർപ്പിക്കണം.

## ബി.ഫാം സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാല 2017 ഫെബ്രുവരി ഏഴിന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ജനുവരി 17 (50 രൂപ പിഴയോടെ 2017 ജനുവരി 19, 250 രൂപ പിഴയോടെ ജനുവരി 21) വരെ ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ

കേരള സർവകലാശാല 2017 ജനുവരിയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (മേഴ്സി ചാൻസ് 2011 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴ കൂടാതെ ജനുവരി 13 (50 രൂപ പിഴയോടെ 2017 ജനുവരി 16, 250 രൂപ പിഴയോടെ ജനുവരി 17) വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രോജക്ട് ഫെല്ലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ പ്രോജക്ട് ഫെല്ലോയുടെ താല്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തിയതി ജനുവരി 17. യോഗ്യത, മറ്റ് വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് ഫലം

കേരള സർവകലാശാല 2016 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം & പാർട്ട് ടൈം) സപ്ലിമെന്ററി, മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2013 സ്കീം) - ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ബ്രാഞ്ച്, ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം) സപ്ലിമെന്ററി (2013 സ്കീം) ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ച് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധയ്ക്ക് 2017 ജനുവരി 25 വരെ അപേക്ഷിക്കാം.

## പി.ജി. പരീക്ഷ : പുതുക്കിയ തീയതി

കേരള സർവകലാശാല  ജനുവരി 18 ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ല്യു./ എം.ടിഎ/ എം.പി.എ പരീക്ഷ ജനുവരി 25 ന് ആരംഭിക്കും.

## പി.ടി.എ. യോഗം

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് വിദ്യാർത്ഥികളുടെ പി.ടി.എ. യോഗം ജനുവരി 12 രാവിലെ 10 മണിയ്ക്ക് കോളേജിലെ സെമിനാർ ഹാളിൽ നടക്കും.

തിരുവനന്തപുരം.
09.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098